LIBRARY ARCHIVES Kerala Legislative Assembly

ചന്ദന ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

99 [T1617] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ലൈസൻസ് നൽകുന്ന ഏജൻസികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ചന്ദന ഫാക്റികൾ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) അടച്ചുപൂട്ടിയ ചന്ദന ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിക്കാൻ ആരാണ് അനുമതി നൽകിയത്; ആരും അനുമതി നൽകിയിട്ടില്ലെങ്കിൽ അനുമതി ഇല്ലാതെ പ്രവർത്തിപ്പിച്ചതിന് ഫാക്ടറി ഉടമയുടെ പേരിൽ എന്തെല്ലാം നടപടികൾ എടുത്തു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ചന്ദന ഫാക്ടറികൾ ആരംഭിക്കുന്നതിന് സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അനുവാദം ആവശ്യമാണ്. സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അനുവാദം ലഭ്യമാക്കിയശേഷം സംസ്ഥാനത്ത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലൈസൻസ് സമ്പാദിക്കേണ്ടതാണ്.

(ബി) ഇപ്പോൾ സംസ്ഥാനത്ത് ലൈസൻസോടുകൂടി ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല.

(സി) അടച്ചുപൂട്ടിയ ചന്ദന ഫാക്ടറി പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടില്ല. അനുമതിയില്ലാതെ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ട ചന്ദന ഫാക്ടറി ഉടമയ്ക്കെതിരെ കേസ് ബുക്കു ചെയ്യുകയും മറ്റു പ്രതികൾക്കൊപ്പം അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാന്റ് ചെയ്യുകയും ചെയ്തു.

ചന്ദന ഫാക്ടറികൾക്ക് ലൈസൻസ്

100 [T1618] ശ്രീ. ജോർജ് ജെ. മാത്യു :
„ ടി. യു. രാധാകൃഷ്ണൻ:
„ കെ. സുധാകരൻ:
„ എം. പി. ഗംഗാധരൻ:
„ എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-നു ശേഷം ചന്ദന ഫാക്ടറികൾക്ക് ലൈസൻസ് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിൻമേൽ ആരെല്ലാം ഹൈക്കോടതിയെ സമീപിച്ചു ?